# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ആരോഗ്യ വകുപ്പ്. - ജീവനക്കാര്യം -ആരോഗ്യ വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോം പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-1.കത്ത് നം. എച്ച്.റ്റി.3-57247/17/ആ.വ.ഡ. തീയതി: 27/11/2017.
2. സർക്കാർ കത്ത് നം. 633/ഇ2/2017/ആ.കു.വ. തീയതി: 06/04/18.
3. സർക്കുലർ നം. 24/13/ഫിൻ. തീയതി: 28/02/2013.
4. സർക്കുലർ നം. 38/17/ഫിൻ തീയതി: 23/05/2017.

## ഉത്തരവ് നം. എച്ച്.റ്റി.3-57247/17/ആ.വ.ഡ. തീയതി: 11/04/2018.

ആരോഗ്യ വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോമിന്റെ നിറം പരിഷ്ക്കരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സൂചന (1) പ്രകാരം സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുകയും ആയതിൽ തീരുമാനം വകുപ്പ് മേലധികാരിക്ക് കൈക്കൊള്ളാവുന്നതാണെന്ന് സർക്കാർ സൂചന (2) പ്രകാരം അറിയിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ഡ്രൈവർമാരുടെ യൂണിഫോമിന്റെ നിറം കാക്കി പാന്റ്, കാക്കി ഷർട്ട് എന്നത് മാറ്റി കറുത്ത പാന്റ്, വെള്ള ഷർട്ട് എന്നീ വിധത്തിൽ പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

എല്ലാ ഡ്രൈവർമാരും ഡ്യൂട്ടി സമയങ്ങളിൽ നിർബന്ധമായും യൂണിഫോം ധരിക്കേണ്ടതാണ്.

ഡ്യൂട്ടി സമയങ്ങളിൽ യൂണിഫോം ധരിക്കാത്ത വകുപ്പിലെ ഡ്രൈവർമാർക്കെതിരെ സൂചന (3), (4) എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ ലംഘനമായി കണക്കാക്കി വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ആർ.എൽ. സരിത,
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താക്കൾ:

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സി.എ. മുഖാന്തിരം).
2. ഗതാഗത ഓഫീസർ (സി.എ. മുഖാന്തിരം).
3. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കോഴിക്കോട് /വയനാട്/കണ്ണൂർ/ കാസർഗോഡ്.
4. ഈ ആഫീസിലെ എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
5. ഈ ആഫീസിലെ എല്ലാ ഡ്രൈവർമാർക്കും
6. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

പകർപ്പ്:-

1. ചാർജ്ജ്മാൻ/ഫോർമാൻ മെക്കാനിക്ക്.
2. ഫയൽ/സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//
സീനിയർ സൂപ്രണ്ട്.

വി.എസ്.കെ 11/4/18